ശുദ്ധജലവിതരണം.

*822. [92] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ജലക്ഷാമം ഉള്ള സ്ഥലങ്ങളിൽ കഴിയുന്നതും വേഗം ശുദ്ധജലം വിഷമംകൂടാതെ ലഭിക്കുവാൻ വേണ്ട സത്വരനടപടികൾ എടുക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പൊൻകുന്നം എന്ന സ്ഥലത്ത് വേനൽക്കാലത്ത് കുടിക്കുവാൻപോലും വെള്ളം കിട്ടുവാനില്ലെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതേപ്പറ്റി എന്തു നടപടി എടുത്തു ;

(ഡി) ഇനിയും കാലവിളംബം കൂടാതെ പൊൻകുന്നത്തു വാട്ടർ സപ്ലൈ ചെയ്യുവാനുള്ള സത്വരനടപടി ഗവണ്മെൻറിൽനിന്നും സ്വീകരിക്കുമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പൊൻകുന്നത്തെ ഒരു കുളം ഒരു ഉറവകുഴിയായി മാറ്റാൻ ആവശ്യമുള്ള സ്ഥലം വിലകൂടാതെ കിട്ടുന്നതിനുവേണ്ട നടപടികൾ എടുക്കുന്നതിനു പഞ്ചായത്തു ഡിപ്പാർട്ടുമെൻറിനെ ചുമതലപ്പെടുത്തിയിരിക്കയാണു്.

(ഡി) സത്വരനടപടികൾ എടുത്തുകൊണ്ടിരിക്കയാണു്.

STARRED QUESTIONS POSTED FOR ANSWER ON 10-10-1955

ഡവലപ്പുമെൻറ പദ്ധതി.

*823. [35] ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡവലപ്പുമെൻറ പദ്ധതിക്ക് എത്ര സംഖ്യ കഴിഞ്ഞ കൊല്ലം വകകൊള്ളിച്ചിരുന്നു ; എത്ര സംഖ്യ ചെലവുചെയ്തു ;

(ബി) ഈ വർഷത്തിലേയ്ക്ക് എത്ര സംഖ്യ നീക്കിവച്ചിട്ടുണ്ടു് ;

(സി) ഇതു് ലാപ്സാകാതെ കഴിക്കുവാൻ എന്തു നടപടികൾ സ്വീകരിക്കുന്നു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 628·64 ലക്ഷം രൂപ.
4,33,40,096 രൂപ.

(ബി) 1022·2 ലക്ഷം രൂപ.

(സി) പദ്ധതിയുടെ പുരോഗതിയിൽ ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷന്മാർക്കുള്ള ചുമതലകളെപ്പറ്റി അവരെ വിശദമായി അറിയിക്കു

LIBRARY ARCHIVES Kerala Legislative Assembly